© Government of Kerala
കേരള സർക്കാർ
2008

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIII / വാല്യം 53 | Thiruvananthapuram, Wednesday / തിരുവനന്തപുരം, ബുധൻ | 18th June 2008 / 2008 ജൂൺ 18 / 28th Jyaishta 1930 / 1930 ജ്യേഷ്ഠം 28 | No. / നമ്പർ 1262 |

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 6/2008/Law. *Dated, Thiruvananthapuram, 17th June, 2008.*

**S. R. O. No. 643/2008.**—In exercise of the powers conferred by rule 4 of the Kerala Hindu Marriage Registration Rules, 1957, and in supersession of the notification in so far as it relates to the appointment of Local Registrar in the Guruvayoor Municipality, the Government of Kerala hereby appoint the Health Inspector Grade I of Guruvayoor Municipality to be the Local Registrar for exercising the powers, conferred on him under the said rules and define the area comprised in the Guruvayoor Municipality to be the Local Registration area constitutes his jurisdiction.

By order of the Governor,

P. S. GOPINATHAN,
*Law Secretary.*

33/2239/2008/DTP.

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Guruvayoor Municipality has brought to the notice of the Government that a large number of Marriages take place in Guruvayoor Municipality on holidays and that the parties to the marriages have to wait for the registration of their marriages till the next working day. Considering the convenience of the parties to the marriage to register their marriages on holidays, the Municipality has requested the Government to appoint Health Inspector Gr. I of the Municipality as the Local Registrar in the place of the Secretary of the Municipality for the purpose of registering the marriages on holidays also in the Guruvayoor Municipality. Accordingly, Government have decided to appoint the Health Inspector Gr. I as the Local Registrar under the Kerala Hindu Marriage Registration Rules, 1957 in the place of the Secretary of the Guruvayoor Municipality.

This notification is intended to achieve the above object.

# കേരള സർക്കാർ

## നിയമ (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 6/2008/നിയമം. *തിരുവനന്തപുരം, 2008 ജൂൺ 17.*

**എസ്. ആർ. ഒ. നമ്പർ 643/2008.**—1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ 4-ാം ചട്ടപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ ലോക്കൽ രജിസ്ട്രാറുടെ നിയമനവുമായി ബന്ധപ്പെട്ട വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും കേരള സർക്കാർ, ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറെ ലോക്കൽ രജിസ്ട്രാറായി പ്രസ്തുത ചട്ടങ്ങൾക്ക് കീഴിൽ അദ്ദേഹത്തിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനായി ഇതിനാൽ നിയമിക്കുകയും ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന പ്രദേശം അദ്ദേഹത്തിന്റെ അധികാരിതയിൽപ്പെടുന്ന തദ്ദേശ രജിസ്ട്രേഷൻ പ്രദേശമായിരിക്കുമെന്ന് നിർവചിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. എസ്. ഗോപിനാഥൻ,**
*നിയമവകുപ്പു സെക്രട്ടറി,*

## വിശദീകരണക്കുറിപ്പ്

**(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)**

ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ അവധി ദിവസങ്ങളിൽ ധാരാളം വിവാഹങ്ങൾ നടക്കുന്നുണ്ടെന്നും വിവാഹങ്ങളിലേർപ്പെടുന്ന കക്ഷികൾക്ക് അടുത്ത പ്രവൃത്തി ദിവസം വരെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി കാത്തിരിക്കേണ്ടിവരുന്നുണ്ടെന്നുമുള്ള സംഗതി ഗുരുവായൂർ മുനിസിപ്പാലിറ്റി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

അവധി ദിവസങ്ങളിലും വിവാഹത്തിലേർപ്പെടുന്ന കക്ഷികൾക്ക് അവരുടെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം പരിഗണിച്ചുകൊണ്ട്, ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ അവധി ദിവസങ്ങളിലും കൂടി വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്ന ആവശ്യത്തിലേക്കായി മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് പകരം മുനിസിപ്പാലിറ്റിയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറെ ലോക്കൽ രജിസ്ട്രാറായി നിയമിക്കുന്നതിന് മുനിസിപ്പാലിറ്റി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. അതനുസരിച്ച് 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ സെക്രട്ടറിക്ക് പകരം മുനിസിപ്പാലിറ്റിയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറെ ലോക്കൽ രജിസ്ട്രാറായി നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2008.